പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 64 | 25.04.2017 -ലെ മറുപടിക്ക്

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള കേന്ദ്ര സർക്കാർ വിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ | ശ്രീ. പിണറായി വിജയൻ ( മുഖ്യമന്ത്രി) |
| (എ) 2016-17 സാമ്പത്തിക വർഷം, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് എത്ര തുകയാണ് വകയിരുത്തിയിരുന്നത്; | (എ) (ബി) (സി) & (ഡി) വിവരം ശേഖരിച്ച് വരുന്നു. |
| (ബി) ഇതിൽ 2016 ഡിസംബർ 31 വരെ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; | |
| (സി) സമയബന്ധിതമായി വരവ് ചെലവ് കണക്കുകളും, നടത്തിപ്പ് റിപ്പോർട്ടും സമർപ്പിക്കാത്തതിനാലാണ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ശേഷിക്കുന്ന തുക ലഭ്യമാക്കാത്തതിന്റെ കാരണം എന്നത് ശരിയാണോ; | |
| (ഡി) ഏതൊക്കെ പദ്ധതികൾക്കുള്ള തുകയാണ് ഇപ്രകാരം ലഭിക്കാനുള്ളതെന്ന് വെളിപ്പെടുത്തുമോ; | |
| (ഇ) സർക്കാർ സംവിധാനത്തിലുള്ള മെല്ലെപ്പോക്കാണ് കേന്ദ്ര സഹായം ലഭിക്കാത്തതിനുള്ള കാരണം എന്നതിനാൽ കേന്ദ്രപദ്ധതികളുടെ ഏകോപനത്തിന് പ്രത്യേക സെൽ രൂപീകരിക്കുന്ന കാര്യം | (ഇ) & (എഫ്) കേന്ദ്ര പദ്ധതികളുടെ ഫണ്ട് സമയ ബന്ധിതമായി നേടിയെടുക്കുന്നതിനും ഫലപ്രദമായി വിനിയോഗിക്കുന്നതിനുമായി സംസ്ഥാന സർക്കാർ പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് വകുപ്പിൽ |

| | |
|---|---|
| പരിഗണിക്കുമോ; | 27/08/2016 തീയതിയിലെ G.O(Ms)No.34/ 2016/Plg. ഉത്തരവ് പ്രകാരം സ്പെഷൽ സെക്രട്ടറിയുടെ കീഴിൽ ഒരു പ്രത്യേക സെൽ (Co-ordination Cell for CSS) രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, വകുപ്പ് സെക്രട്ടറിമാർ/വകുപ്പ് തലവൻമാർ എന്നിവർ കേന്ദ്രസർക്കാരിലെ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥൻമാരുമായി നിരന്തരം ബന്ധപ്പെടുന്നതിനും സംസ്ഥാനത്തിന് ലഭിക്കേണ്ട പരമാവധി കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനും വേണ്ടി നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ വകുപ്പിലും നോഡൽ ഓഫീസർമാരെ നിയമിക്കാനും പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തുക നേടിയെടുക്കുന്നതിന് ഉന്നത ഉദ്യോസ്ഥൻമാരെ ചുമതലപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.<br><br>ഡെൽഹിയിൽ കേരള ഹൗസിലെ റസിഡന്റ് കമ്മീഷണറുമായി മേൽപ്പറഞ്ഞ ഉദ്യോഗസ്ഥൻമാർ നിരന്തരം ബന്ധപ്പെടുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (എഫ്) ഭാവിയിൽ കേന്ദ്ര വിഹിതം സമയബന്ധിതമായി നേടിയെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുക എന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ